പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നം.891** **30.10.2019-ൽ മറുപടിയ്ക്ക്**

## നെയ്യാറ്റിൻകരയിൽ കെ.എസ്.എഫ്.ഡി.സി. തിയേറ്റർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ആൻസലൻ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി-യുടെ തിയേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി യുടെ തിയേറ്റർ നിർമ്മാണ പദ്ധതിയ്ക്കായി ആദ്യം നിർദ്ദേശിച്ച നെയ്യാറ്റിൻകര നഗരസഭയുടെ അധീനതയിലുള്ള അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉള്ളതിനാൽ പ്രസ്തുത സ്ഥലം വേണ്ടെന്ന് വയ്ക്കുകയും നഗരസഭ രണ്ടാമത് നിർദ്ദേശിച്ച ആറാലുംമൂട് ജംഗ്ഷനിലെ നഗരസഭ വക സ്ഥലം പ്രസ്തുത പദ്ധതിയ്ക്ക് അനുയോജ്യമാണെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയ്ക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ നടന്നു വരുകയാണ്. |
| (ബി) | ഇതിന്റെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയാണ് ചെലവു വരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ നടന്നു വരുകയാണ്. ഡി.പി.ആർ ലഭിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതിയുടെ നിർമ്മാണച്ചെലവ് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ